പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നംപര്‍. 4878 — 21/10/2011 ല്‍ മറുപടിയ്ക്ക്

**കൊല്ലം ജില്ലയിലെ കലയപുരം ആശ്രയ-സങ്കേതം , പത്തനാപുരം ഗാന്ധിഭവന്‍ എന്നിവയ്ക്ക് ഗ്രാന്റ് അനുവദിക്കാനുള്ള നടപടി**

ചോദ്യം — ഉത്തരം

ശ്രീമതി. പി. അയിഷാ പോറ്റി : — ഡോ. എം.കെ. മുനീര്‍ :
(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി)

| | |
|---|---|
| (എ) സംസ്ഥാനത്ത് സര്‍ക്കാര്‍ സഹായം ലഭ്യമാക്കുന്ന അനാഥാലയങ്ങളുടേയും ശരണാലയങ്ങളുടെയും പട്ടിക ലഭ്യമാക്കുമോ; | (എ) സംസ്ഥാനത്ത് സര്‍ക്കാര്‍ സഹായം ലഭ്യമാക്കുന്ന ഓര്‍ഫനേജ് കണ്‍ട്രോള്‍ ബോര്‍ഡ് അംഗീകാരമുള്ള സ്ഥാപനങ്ങളുടെ പട്ടിക അനുബന്ധമായി ചേര്‍ക്കുന്നു |
| (ബി) പ്രസ്തുത കേന്ദ്രങ്ങള്‍ക്ക് എത്ര രൂപ വീതമാണ് അനുവദിക്കുന്നതെന്നും അതിന്റെ വിനിയോഗക്രമങ്ങളേയും കുറിച്ച് വിശദമാക്കുമോ; | (ബി) സര്‍ക്കാര്‍ ഗ്രാന്‍റിന് അനുമതിയുള്ള സ്ഥാപനങ്ങളില്‍ ഗ്രാന്റിന് അര്‍ഹതയുള്ള അന്തേവാസികള്‍ക്ക് ആള്‍ ഒന്നിന് പ്രതിമാസം 250 രൂപ എന്ന നിരക്കില്‍ ഗ്രാന്റ് അനുവദിയ്ക്കുന്നുണ്ട്. ഈ തുക അനാഥാലയങ്ങളിലെ അന്തേവാസികളുടെ വിദ്യാഭ്യാസം , ഭക്ഷണം, വസ്ത്രം മറ്റ് ആവശ്യങ്ങള്‍ എന്നിവയ്ക്ക് ഉപയോഗിക്കുന്നു |
| (സി) കൊല്ലം ജില്ലയില്‍ പ്രവര്‍ത്തിച്ചുവരുന്ന കലയപുരം ആശ്രയ സങ്കേതം , പത്തനാപുരം ഗാന്ധിഭവന്‍ എന്നീ ശരണ കേന്ദ്രങ്ങളുടെ പ്രവര്‍ത്തനത്തിനുള്ള സഹായത്തിനായി ഗ്രാന്റ് അനുവദിക്കാന്‍ നടപടി സ്വികരിക്കുമോ? | (സി) ഗാന്ധിഭവന്‍ എന്ന സ്ഥാപനത്തിന് സര്‍ക്കാര്‍ ഗ്രാന്‍റിന് അനുമതിയുണ്ട്. സങ്കേതം എന്ന സ്ഥാപനത്തിന് ഓര്‍ഫനേജ് കണ്‍ട്രോള്‍ ബോര്‍ഡിന്റെ അംഗീകാരമുണ്ട്. എന്നാല്‍ ഗ്രാന്റിന് അനുമതിയില്ല. ഗ്രാന്‍റിന് അപേക്ഷ സമര്‍പ്പിക്കുന്ന പക്ഷം ആശ്രയ സങ്കേതം എന്ന സ്ഥാപനത്തിനും ഗ്രാന്റ് അനുവദിക്കുന്ന കാര്യം പരിശോധിക്കാവുന്നതാണ്. |

R. Vijayan
സെക്ഷന്‍ ഓഫീസര്‍

അനുബന്ധം ലൈബ്രറിയില്‍ ലഭ്യമാണ്.